## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 948** — **30-06-2022 - ൽ മറുപടിയ്ക്ക്**

## കാട്ടുപന്നിയുടെ ആക്രമണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടുപന്നിയുടെ ആക്രമണം മനുഷ്യവാസത്തിന് നിരന്തര ഭീഷണിയായ സാഹചര്യത്തിൽ പുതിയ സർക്കാർ ഉത്തരവ് പ്രകാരം ഇതുവരെ എത്ര കാട്ടുപന്നികളെ നശിപ്പിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | **ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഓണററി വൈൽഡ് ലൈഫ് വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് അനുമതി നൽകിക്കൊണ്ട് 28.05.2022 തീയതിയിലെ സ.ഉ. (കൈ) നം. 29/2022/വനം, 31.05.2022 തീയതിയിലെ സ.ഉ. (സാധാ) നം. 239/2022/വനം എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിയമിതരായ ഓണററി വൈൽഡ് ലൈഫ് വാർഡന്മാർ, അധികാരപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർക്ക് ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ അനുവദനീയ മാർഗ്ഗങ്ങളിലൂടെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ സെക്ഷൻ 11 (1) (ബി) പ്രകാരമുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം വന്യജീവി (സംരക്ഷണ) നിയമത്തിൽ സെക്ഷൻ 5 (2) പ്രകാരം ഡെലിഗേറ്റ് ചെയ്തുകൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 31.05.2022-ലെ കെ.എഫ്.ഡി.എച്ച്.ക്യു/3331/21-സി.ഡബ്ലിയു.ഡബ്ലിയു/ഡബ്ലിയു.എൽ.11 നമ്പർ നടപടി ഉത്തരവ് പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. 28.05.2022 തീയതിയിലെ സ.ഉ. (കൈ) നം. 29/2022/വനം ഉത്തരവിൽ കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടെയും വിവരങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ആയതിന് തയ്യാറാക്കിയ രജിസ്റ്ററിൽ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണെന്ന് ക്രമ നമ്പർ ആറായി** |

| | | | |
|---|---|---|---|
| | | | **നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയത് പ്രകാരം പുതിയ സർക്കാർ ഉത്തരവ് പ്രകാരം നശിപ്പിച്ച കാട്ടുപന്നികളുടെ വിശദാംശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് സൂക്ഷിക്കുന്നത്.** |
| (ബി) | തൃശ്ശൂർ ജില്ലയിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് കാട്ടുപന്നിയുടെ ആക്രമണം നേരിടുന്നതെന്ന് വിശദമാക്കാമോ? | (ബി) | **തൃശ്ശൂർ ജില്ലയിലെ കാട്ടുപന്നിയുടെ ആക്രമണം നേരിടുന്ന പ്രദേശങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ

Annexure

| ഡിവിഷൻ | പ്രദേശം |
|---|---|
| തൃശ്ശൂർ | വിയ്യൂർ ജയിൽ കോമ്പൗണ്ട്, മലേശമംഗലം, ആറ്റൂർ, ചേലക്കര, എളനാട്, എങ്കകാട്, കുറുമല, മണലിത്തറ, മിനാലൂർ, പങ്ങാരപ്പിള്ളി, പഴയന്നൂർ, പുലാക്കോട്, തോന്നൂർക്കര, വെണ്ണൂർ, ആറംങ്ങോട്ടുകര, ചേലക്കോട്, ചെറുതുരുത്തി, ചിറ്റണ്ട, ദേശമംഗലം, കണിയാർകോട്, കാഞ്ഞിരക്കോട്, കിള്ളിമംഗലം, കൊണ്ടാഴി, കോട്ടപ്പുറം, കുമരനെല്ലൂർ, മായന്നൂർ, മുള്ളൂർക്കര, നെടുംപുര, കല്ലൂർ, പാമ്പാടി, പാഞ്ഞാൾ, തിച്ചൂർ, തിരുവില്വാമല, വടക്കേത്തറ, വരവൂർ, വെങ്ങാനെല്ലൂർ, തെക്കുംകര, വാഴാനി, വിരുപ്പാക്ക, ചോറ്റുപാറ, മാടക്കത്തറ, മാന്ദാമംഗലം, മുളയം, പാണഞ്ചേരി, പീച്ചി, പാട്ടൂക്കാട്, കടങ്ങാട്, കോഴിക്കുന്ന്, തയ്യൂർ |
| ചാലക്കുടി | വേലൂപ്പാടം, വെള്ളാനിക്കോട്, പൂക്കോട്, ആലങ്ങാട്, വട്ടക്കൊട്ടാഴി, കോർമല, വെറ്റിലപ്പാറ, വെട്ടിക്കുഴി, കോടശ്ശേരി, കൊന്നക്കുഴി, ബൈക്കുളം, കുറ്റിക്കാട്, ചുങ്കാൽ, ഇഞ്ചക്കുണ്ട്, കുറിഞ്ഞിപ്പാലം, മറ്റത്തൂർ, മുട്ടത്തുകുളങ്ങര |
| വാഴച്ചാൽ | അടിച്ചിലി |